# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ ടി.5201** **31-10-2016 ൽ മറുപടിക്ക്**

**വിവാദ തീരുമാനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ | മുൻ സർക്കാരിന്റെ അവസാനകാലത്തെ വിവാദ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് എത്ര ഫയലുകളാണുള്ളത്; ഇതിൽ എത്ര ഫയലുകൾ ഇതുവരെ ബഹു. സാംസ്കാരിക നിയമ വകുപ്പ് മന്ത്രി തലവനായ സമിതി പരിശോധിച്ചു; വ്യക്തമാക്കുമോ; | (എ) (ബി) & (സി) | കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് 01-01-2016 മുതൽ 30-04-2016 വരെ നടന്ന 20 മന്ത്രിസഭായോഗങ്ങളിലായി ആകെ 910 തീരുമാനങ്ങൾ എടുത്തിരുന്നു. പ്രസ്തുത മന്ത്രിസഭാ യോഗ തീരുമാനങ്ങളും, അതിനനുസൃതമായി വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകളുടെ നിയമസാധുതയും മന്ത്രിസഭാ ഉപസമിതി പരിശോധിച്ചു വരികയാണ്. പരിശോധന അന്തിമ ഘട്ടത്തിലാണ്. |
| (ബി) | വിവാദ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ പരിശോധിച്ച ഫയലുകളിൽ നിലവിലെ സർക്കാർ കൈക്കൊണ്ട തീരുമാനം, വിഷയം തിരിച്ച്, വിശദീകരിക്കുമോ; | | |
| (സി) | വിവാദ തീരുമാനം സംബന്ധിച്ച ഫയലുകളിൽ ഇൻഡ്യൻ ഇൻഫർമേഷൻ സർവ്വീസിലുള്ള ഉദ്യോഗസ്ഥനെ കേരള കേഡറിലേക്ക് മാറ്റിയ തീരുമാനത്തിൽ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഏതെങ്കിലും അഴിമതി ആരോപണം നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഫിഷറീസ് വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അഞ്ചുതെങ്ങിൽ നിർമ്മിച്ച ആധുനിക ഫിഷ് ലാന്റിംഗ് സെന്റർ, പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ നിർമ്മാണോദ്ഘാടനത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള സോഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പിലെ സുബോധം പദ്ധതിയിലെ അഴിമതി ആരോപണം സംബന്ധിച്ചും, മുന്നാക്ക സമുദായ കോർപ്പറേഷൻ, പുതുപ്പള്ളി കെ. ആർ.നാരായണൻ സെന്റർ |

ഫോർ മീഡിയ സർവ്വീസ് എന്നിവയുടെ മാനേജിംഗ് ഡയറക്ടർ ആയിരുന്ന കാലയളവിലെ അഴിമതി ആരോപണം സംബന്ധിച്ചും ടിയാനെതിരെ സത്വരാന്വേഷണം നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**